**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 124** **08-08-2023 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിൽ താത്ക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചെറുപുഴ പോലീസ് സ്റ്റേഷന് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമാകാത്ത സാഹചര്യത്തിൽ നിലവിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന സ്ഥലവും കെട്ടിടവും പോലീസ് വകുപ്പിന് കൈമാറുന്നതിന് ചെറുപുഴ ഗ്രാമപഞ്ചായത്ത് ഭരണ സമിതി പ്രമേയം പാസ്സാക്കിയിട്ടുണ്ട്. നിലവിൽ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ പ്രവർത്തിച്ചു വരുന്ന കൃഷി ഭവനും, വെറ്ററിനറി ഡിസ്പെൻസറിയും മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലവും കെട്ടിടവും പോലീസ് വകുപ്പിന് കൈമാറാമെന്ന് പഞ്ചായത്ത് ഭരണസമിതി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ